പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1846 01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ വാടക ബസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസ്സുകളുടെ അഞ്ച് വർഷം പെർമിറ്റ് കാലാവധി അവസാനിക്കുന്നതിനനുസരിച്ച്, പ്രസ്തുത സർവ്വീസ് നടത്തുന്നതിനായി പുതിയ ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന പെർമിറ്റ് കാലാവധി 5 വർഷത്തിൽ നിന്നും 7 വർഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം പുതിയ ബസുകൾ വില കൊടുത്ത് വാങ്ങുവാൻ കോർപ്പറേഷന് കഴിയുന്നില്ല. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി ഫണ്ട് അനുവദിക്കുന്നതിന് കോർപ്പറേഷൻ സർക്കാർ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി പുതിയ ബസ്സുകൾ വാങ്ങുന്നതിന് പ്രതിബന്ധമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br>നിലവിലെ സാഹചര്യത്തിൽ കോർപ്പറേഷന് സ്വന്തം നിലയിൽ പണം കണ്ടെത്തി പുതിയ ബസുകൾ വാങ്ങുന്നതിന് കഴിയാത്ത സാഹചര്യമാണ്. |
| (സി) | ഈ സാഹചര്യത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പകരം വാടക ബസ്സുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും | 25 AC സിംഗിൾ ആക്സിൽ ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ടി ദർഘാസിൽ ഒരു കമ്പനി പങ്കെടുത്തിട്ടുണ്ട്. ഇത് പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാരിന്റെ FAME - II സ്കീമിൽ അനുവദിച്ച 250 ഇ-ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.<br>ഇതിനായി ഇതുവരെ സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടില്ല. |
| (ഡി) | ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വാടകയ്ക്ക് ബസ്സുകൾ നൽകുന്നതിന് ഏതെങ്കിലും സഹകരണ സംഘം മുന്നോട്ട് വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | | |
| (ഇ) | ഉണ്ടെങ്കിൽ ഏത് സംഘമെന്നും, എത്ര ബസ്സുകളാണ് അവരിൽ നിന്ന് ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ